Digitally approved document; signature not required.
Document 2024/63061/1 - Circular - File No. 2019/22576/1
Approved by Regr on 2024-07-27 16:03:40
http://www.kuhs.ac.in
cTZgI-EzD-QYRV-ejcI
KUHS, Thrissur

# കേരള ആരോഗ്യശാസ്ത്ര സർവകലാശാല

## അഡ്മിനിസ്ട്രേഷൻ (എസ്റ്റാബ്ലിഷ്മെൻറ്-എ) വിഭാഗം

നമ്പർ : 22576/2019/അഡ്മിൻ/കെ യു എച്ച് എസ്

തീയതി: 27-07-2024

### സർക്കുലർ

വിഷയം : കേരള ആരോഗ്യശാസ്ത്ര സർവകലാശാല മൈതാനം സ്വകാര്യ പരിപാടികൾക്ക് അനുവദിക്കുന്നത് സംബന്ധിച്ച്-

കേരള ആരോഗ്യശാസ്ത്ര സർവകലാശാല മൈതാനം കായിക മൽസരങ്ങൾക്കും മറ്റ് സ്വകാര്യ പരിപാടികൾക്കും അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സർവകലാശാല മൈതാനം അനുവദിക്കുന്നതിനും മൈതാനത്ത് പാലിക്കേണ്ട നിബന്ധനകളെ കുറിച്ചും താഴെപ്പറയും പ്രകാരം വിശദമായ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു .

### കേരള ആരോഗ്യശാസ്ത്ര സർവകലാശാല മൈതാനം സ്വകാര്യ പരിപാടികൾക്ക് അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ

1. സർവകലാശാല മൈതാനം അനുവദിക്കുന്നതിനായി ഗ്രൗണ്ട് ഫീസ് ആയി പ്രതിദിനം 1,000/- രൂപയും തിരികെ നൽകുന്ന നിക്ഷേപമായി 2,000/- രൂപയും മുൻകൂർ ആയി സർവകലാശാല അക്കൗണ്ടിലേക്ക് (Account No.31547327832, IFSC SBIN0014682, SBI KUHS BRANCH) അടക്കേണ്ടതാണ്.
2. സർവകലാശാല മൈതാനം അനുവദിച്ചു കിട്ടുന്നതിന് വേണ്ടി ഉത്തരവാദപ്പെട്ടവർ, നടത്താൻ ഉദ്ദേശിക്കുന്ന പരിപാടിക്ക് 14 ദിവസം മുൻപെങ്കിലും രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
3. സർവകലാശാല മൈതാനം അനുവദിച്ചു കിട്ടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ പരിപാടി നടത്താൻ ഉദ്ദേശിക്കുന്ന തീയതി, സമയം എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
4. തിരികെ നൽകുന്ന നിക്ഷേപമായ 2,000/- രൂപ തിരികെ ലഭിക്കുന്നതിനായി പരിപാടി അവസാനിച്ച് 30 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
5. സർവകലാശാല മൈതാനം കായിക വിനോദങ്ങൾ നടത്തുന്നതിനായി അംഗീകൃത ക്ലബുകൾക്കോ സംഘടനകൾക്കോ മാത്രമേ അനുവദിക്കുകയുള്ളൂ.
6. പരിപാടി നടത്തിപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അനിഷ്ട സംഭവങ്ങൾ ഉണ്ടാവുകയാണെങ്കിൽ സർവകലാശാലയ്ക്ക് അതിൽ യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല. അത്തരം പ്രശ്നങ്ങൾ പരിപാടി നടത്തുന്ന സംഘാടകരുടെ പരിപൂർണ്ണ ഉത്തരവാദിത്തത്തിൽ പരിഹരിച്ചു തീർക്കേണ്ടതാണ്.
7. പരിപാടിയുമായി ബന്ധപ്പെട്ട് മൈതാനത്തിനോ സർവകലാശാലയ്ക്കോ ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടമോ ധനനഷ്ടമോ സംഭവിക്കുകയാണെങ്കിൽ പരിപാടി നടത്തുന്ന സംഘടകരുടെ പരിപൂർണ്ണ ഉത്തരവാദിത്തത്തിൽ പ്രസ്തുത നഷ്ടം നികത്തി തരേണ്ടതും പ്രസ്തുത വിവരം രേഖാമൂലം രജിസ്ട്രാറെ അറിയിക്കേണ്ടതുമാണ്.
8. ഏതെങ്കിലും കാരണവശാൽ പരിപാടി നിശ്ചിത ദിവസത്തിനകം അവസാനിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ ദിവസം നീട്ടി കിട്ടുന്നതിനായി പ്രത്യേകം അപേക്ഷ വീണ്ടും രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. പരിപാടി തുടങ്ങിയതും അവസാനിച്ചതുമായ ബന്ധപ്പെട്ട വിവരങ്ങൾ രജിസ്ട്രാറെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.
9. പരിപാടിയുമായി ബന്ധപ്പെട്ട് വലിയതോതിൽ ജനപങ്കാളിത്തം ഉണ്ടാവുന്ന ഘട്ടങ്ങളിൽ സംഘാടകർ തന്നെ സ്ഥലം പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.
10. പരിപാടിയുമായി ബന്ധപ്പെട്ട് മൈതാനത്ത് ഭക്ഷണശാല, മറ്റ് സ്റ്റാളുകൾ എന്നിവ സ്ഥാപിക്കുവാൻ സർവകലാശാലയുടെ മുൻകൂർ അനുമതി വാങ്ങിക്കേണ്ടതാണ്.
11. പരിപാടി അവസാനിച്ച് 24 മണിക്കൂറിനകം മൈതാനം അനുവദിച്ച അതേ നിലയിൽ തന്നെ തിരികെ നൽകേണ്ടതാണ്.
12. പരിപാടി നടത്തിപ്പുമായി ബന്ധപ്പെട്ട് മൈതാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ

നിർമാർജനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ സംഘാടകർ ഏർപ്പെടുത്തേണ്ടതാണ് . സർവകലാശാലാ മൈതാനത്ത് ഹരിതപെരുമാറ്റ ചട്ടം കർശനമായി പാലിക്കേണ്ടതാണ്.

13. സർവകലാശാല മൈതാനം മുൻകൂറായി അനുവദിച്ച തീയതികളിൽ സർക്കാരുമായോ സർവകലാശാലയുമായോ ബന്ധപ്പെട്ട പരിപാടികൾ സർവകലാശാല മൈതാനത്തിൽ വച്ച് നടത്താൻ തീരുമാനമെടുക്കുന്ന സാഹചര്യത്തിൽ പ്രസ്തുത മുൻകൂർ അനുമതി റദ്ദ് ചെയ്യുന്നതായിരിക്കും.
14. സർവകലാശാല പുറപ്പെടുവിച്ച ഏതെങ്കിലും നിബന്ധനകൾ ലംഘിക്കുന്നപക്ഷം തിരികെ നൽകുന്ന നിക്ഷേപ തുക സർവകലാശാല അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണ്. കൂടാതെ പ്രസ്തുത ക്ലബുകൾക്ക് /സംഘടനകൾക്ക് തുടർന്ന് മൈതാനം അനുവദിക്കുന്നതുമല്ല.
15. മേൽ നിബന്ധനകൾ 01.08.2024 മുതൽ പ്രാബല്യത്തിൽ വരുന്നതാണ് .

**രജിസ്ട്രാർ**

പകർപ്പ്

ബഹു വി-സി ,പി-വി-സി ,രജിസ്ട്രാർ ,സി-ഇ , എഫ് ഒ എന്നിവരുടെ പി എ മാർക്ക്
സെക്രട്ടറി, അവണൂർ ഗ്രാമ പഞ്ചായത്ത്
ജനറൽ ഫിനാൻസ് വിഭാഗം
സിസ്റ്റം മാനേജർ (സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)
കരുതൽ ഫയൽ /അസ്സൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

http://www.kuhs.ac.in Document 2024/63061/1 - Circular - File No. 2019/22576/1 Digitally approved document; signature not required.
cTZgI-EzD-QYRV-ejcI Approved by Regr on 2024-07-27 16:03:40

Phone : 0487-2207664, 2207642 Fax : 0487 - 2207616, 2207620 e-mail: keralahealthuniversity@gmail.com